# പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 6938 10/07/2014 ൽ മറുപടിയ്ക്ക്

## പട്ടികജാതി വികസന വകുപ്പിന്റെ കീഴിലുള്ള ഐ.ടി.ഐ. കൾ

| ചോദ്യം<br><br>ശ്രീമതി പി. അയിഷാ പോറ്റി | | ഉത്തരം<br>ശ്രീ. എ.പി. അനിൽ കുമാർ<br>(പട്ടികജാതി-പിന്നോക്ക സമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പ മന്ത്രി) | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് പട്ടികജാതി വികസന വകുപ്പിന്റെ കീഴിൽ എത്ര ഐ.ടി.ഐ. കളുണ്ടെന്ന് വ്യക്തമാക്കുമോ; | (എ) | 44 |
| (ബി) | പ്രസ്തുത ഐ.ടി.ഐ. കളിൽ ക്ലറിക്കൽ തസ്തികകൾ ഉണ്ടോയെന്ന് വ്യക്തമാക്കുമോ; ഇല്ലാത്ത പക്ഷം ആയത് അനുവദിക്കാൻ നടപടി സ്വീകരിക്കുമോ ; | (ബി) | ഇല്ല<br>പരിശോധിച്ചു വരുന്നു. |
| (സി) | പ്രസ്തുത ഐ.ടി.കളെ അപ്ഗ്രേഡ് ചെയ്യുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ ? | (സി) | പട്ടികജാതി വികസന വകുപ്പിന്റെ കീഴിലുള്ള ഐ.ടി.ഐ. കളുടെ നിലവാരമുയർത്തുന്നതിനായി താഴെ പറയുന്ന പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്.<br>1) Revamping of ITI എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി സ്ഥലസൗകര്യമുള്ള 20 ITI കളിൽ പുതുതായി ട്രേഡുകൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.<br>2) പൊതു സ്വകാര്യ പങ്കാളിത്തത്തോടു കൂടി ITI കളുടെ നിലവാരമുയർത്തുന്നതിനായി കേന്ദ്രം ആവിഷ്കരിച്ച Upgradation of govt. ITI's through PPP എന്ന പദ്ധതിയിൽ ഏലത്തൂർ, മംഗലം, പന്തളം, മര്യാപുരം എന്നീ 4 ഐ.ടി.ഐ.കൾ ഉൾപ്പെടുത്തിയിട്ടുണ്ട്.<br>3) മര്യാപുരം, കളക്കട, ഓച്ചിറ, പന്തളം, ഐക്കാട്, SP കോളനി, എങ്കക്കാട്, മംഗലം എന്നീ 8 ITI കൾ ഹോസ്റ്റൽ സൗകര്യത്തോടുകൂടി MRITI കൾ ആക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | കൂടാതെ ഐ.ടി.ഐ. കളിൽ പ്രായോഗിക പരിശീലനത്തിനാവശ്യമായ പഠനോപകരണങ്ങളും മെഷിനറികളും ഉൾപ്പെടുത്തി പ്രാക്ടിക്കൽ ഹാൾ, കമ്പ്യൂട്ടർ ലാബ്, ടെലഫോൺ കണക്ഷൻ, തീയറി ക്ലാസുകളുടെ സൗകര്യം വർദ്ധിപ്പിക്കുന്നതിന് LCD പ്രൊജക്റ്റർ, ഫോട്ടോകോപ്പിയർ തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ സജ്ജമാക്കിയിട്ടുണ്ട്. എല്ലാ ITI കൾക്കും വെബ്സൈറ്റ് ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ITI യിലെ അദ്ധ്യാപകർക്ക് CTI യുടെ വിവിധ സെന്ററുകളിൽ അയച്ച് ട്രെയിനിംഗ് നൽകിവരുന്നു. |

സെക്ഷൻ ഓഫീസർ